(ബി) കമ്പനിയുടെ അംഗീകൃതമൂലധനം 1000 കോടി രൂപയാണ്. അതിൽ 500 കോടി രൂപയാണ് അടച്ചുതീർത്ത മൂലധനമായി നിശ്ചയിച്ചിട്ടുള്ളത്. ഈ 500 കോടി രൂപയിൽ 26 ശതമാനം സംസ്ഥാന സർക്കാരിന്റെ ഓഹരിയായിരിക്കും.

(സി) ഓഹരികൾ പബ്ലിക് ഇഷ്യൂആയി വിൽപ്പന നടത്താൻ ഉദ്ദേശിച്ചിട്ടില്ല.

(ഡി) കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ യോഗതീരുമാനപ്രകാരം കുറഞ്ഞ പരിധി 2001 എണ്ണം ഓഹരികളും, ഒരു ഓഹരിയുടെ വില നൂറ് രൂപയുമാണ്. കൂടിയ പരിധി നിശ്ചയിച്ചിട്ടില്ല.

(ഇ) അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(എഫ്) 31-3-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 38/2010/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ വിമാനത്താവള കമ്പനി 1956-ലെ കമ്പനി നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ടി ഉത്തരവ് പ്രകാരം സർക്കാരിന് ടി കമ്പനിയിൽ 26 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 23 ശതമാനവും 'ഇൻകൽ' പോലുള്ള സർക്കാർ പ്രൊമോട്ട് ചെയ്യുന്ന കമ്പനികൾക്ക് 2 ശതമാനവും സ്വകാര്യ മേഖലയ്ക്ക് 49 ശതമാനവും ഓഹരിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

റേഷൻകടകളിലൂടെ പലവ്യഞ്ജന വിതരണം

25 (*24) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ പലവ്യഞ്ജനങ്ങൾ വിതരണംചെയ്യാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പൊതുവിപണിയിൽനിന്നും എത്ര ശതമാനം വിലക്കുറവിലാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര സഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) വിതരണത്തിന് ആവശ്യമായ പലവ്യഞ്ജനങ്ങൾ എങ്ങനെ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്. ഇപ്പോൾ ശബരി എ.ആർ.ഡി. പദ്ധതിപ്രകാരം 1674 റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലെ വിലയ്ക്ക് വിൽക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എല്ലാ റേഷൻകടകൾവഴിയും നിത്യോപയോഗസാധനങ്ങൾ കുറഞ്ഞവിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സബ്സിഡിയില്ലാത്ത അവശ്യസാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾവഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പൊതുവിപണിയേക്കാൾ കുറഞ്ഞത് 10% വിലക്കുറവിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏകദേശം 337 കോടിയോളം രൂപ ചെലവ്വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഉണ്ട്. കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിരുന്നെങ്കിലും നാളിതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ പലവ്യഞ്ജന സാധനങ്ങൾ ഹെഡ് ഓഫീസ്തലത്തിലും ഡിപ്പോതലത്തിലും വാങ്ങുന്നുണ്ട്. ഹെഡ് ഓഫീസ്തലത്തിൽ പലവ്യഞ്ജനങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയും ഡിപ്പോതലത്തിൽ പരിമിത ടെണ്ടർ മുഖേനയുമാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കൂടുതലായിവേണ്ടിവരുന്ന പലവ്യഞ്ജനങ്ങൾ ഇപ്രകാരംതന്നെ വാങ്ങുന്നതാണ്.

ജൈവ വൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ

26 (*25) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പഞ്ചായത്തുകളിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) എത്ര പഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ഡി) ജൈവവൈവിധ്യ പ്രദേശങ്ങളുടെ സംരക്ഷണത്തിനും ജൈവവൈവിധ്യ വർദ്ധനവിനും പഞ്ചായത്തുതലത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly